POLICE DEPARTMENT

KERALA

**No. E3-77577/2023/P**
ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
✉spplkd.pol@kerala.gov.in
☏04912536700
തീയതി. 26-06-2025

## പുനർലേല പരസ്യം

പാലക്കാട് ജില്ലാ ആസ്ഥാന ക്യാമ്പിലെ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് കെട്ടിടത്തിനോട് ചേർന്ന് നിൽക്കുന്ന ഒരു വേപ്പുമരം മുറിച്ചു മാറ്റുന്നതിന് 09.07.2025 തിയ്യതി കാലത്ത് 11.00 മണിക്ക് ഡെപ്യൂട്ടി കമാണ്ടന്റിന്റെ ഓഫീസ് പരിസരത്ത് വെച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതാണ്.

**ലേല നിബന്ധനകൾ:-**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിനു മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി 80/-രൂപ (എൻപത് രൂപ) അടക്കേണ്ടതുമാണ്. ഏറ്റവും കൂടുതൽ ലേലത്തുക വിളിക്കുന്ന ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ലേലം ബഹുമാനപെട്ട ജില്ലാ പോലീസ് മേധാവി ശെരി വെച്ചശേഷം ബാക്കി തുകയും ലേല തുകയുടെ 18% GST യും ലേല തുകയുടെ 5% വന വികസന നികുതിയും അടക്കേണ്ടതാണ്.

മരം മുറിച്ചു നീക്കം ചെയ്യുമ്പോൾ ആളുകൾക്കും ഗവൺമെന്റ് വകയോ അല്ലാത്തതോ ആയ സ്ഥാവര ജംഗമ വസ്തുകൾക്കോ അപകടമോ കേടുപാടുകളോ സംഭവിക്കാൻ പാടില്ലാത്തതും അങ്ങനെ സംഭവിച്ചാൽ ആയതിന്റെ ഉത്തരവാദിത്തം ലേലം കൊണ്ട ആളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 7 ദിവസത്തിനകം മരം നീക്കം ചെയ്യേണ്ടതുമാണ്. ലേലം ഉറപ്പിച്ച ശേഷം ലേലക്കാരനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഏതെങ്കിലും കാരണവശാൽ പറഞ്ഞ നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. ലേലം മാറ്റി വെയ്ക്കുന്നതിനും, നിർത്തി വെയ്ക്കുന്നതിനുമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേല വസ്തു ലേല തീയതിക്ക് 5 ദിവസം മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ 11 മണി മുതൽ 5 മണി വരെയുള്ള സമയത്ത് ഡെപ്യൂട്ടി കമാണ്ടന്റിന്റെ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്.

വിശ്വനാഥ് ആർ ഐ പി എസ്
ജില്ലാ പോലീസ് മേധാവി (ic)

| | | |
|---|---|---|
| സ്വീകർത്താവ് | : | ബോർഡ് ചെയർമാന്റെയും എല്ലാ അംഗങ്ങളുടെയും അറിവിലേക്കായി. |
| പകർപ്പ് | : | എല്ലാ യൂണിറ്റ് മേധാവിമർക്കും അറിവിലേക്കും വേണ്ടത്ര പ്രചാരണം നൽകുന്നതിനുമായി അയക്കുന്നു/ പാലക്കാട് ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ പാലക്കാട് ഡി.പി.ഒ കാഷ്യറുടെ അറിവിലേക്കായി ലേലത്തുക കൈപ്പറ്റുന്നതിനും തുടർ ഉത്തരവ് വരെ സൂക്ഷിച്ചു വയ്ക്കുന്നതിനും . |